**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 522** **20-03-2023 - ൽ മറുപടിയ്ക്ക്**

**പട്ടിക ഗോത്രവർഗ്ഗങ്ങളിൽപെട്ടവർക്കായുള്ള പ്രധാന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഐ ബി സതീഷ്,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ ഒ . ആർ. കേളു,<br>ശ്രീ. ആന്റണി ജോൺ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും<br>ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പട്ടിക ഗോത്രവർഗ്ഗങ്ങളിൽപെട്ടവരുടെ പുരോഗതിയ്ക്കായി നടപ്പിലാക്കുന്ന പ്രധാന പദ്ധതികളെക്കുറിച്ച് അറിയിക്കാമോ? | (എ) | പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവരുടെ പുരോഗതിക്കായി വിവിധ പദ്ധതികൾ സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. <u>വിദ്യാഭ്യാസ രംഗം</u><br><br>പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം പ്രദാനം ചെയ്യുന്നതിന് 22 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നു.<br><br>ദുർഘട പ്രദേശങ്ങളിലുള്ള വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സൗകര്യങ്ങൾ അനുവദിക്കുന്നതിനായി പ്രീമെട്രിക് ഹോസ്റ്റലുകൾ, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ എന്നിവ പ്രവർത്തിക്കുന്നു.<br><br>പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പുകളും ഗ്രാന്റുകളും നൽകി വരുന്നു.<br><br>വിദേശത്തെ മികച്ച സർവ്വകലാശാലകളിൽ പഠനത്തിന് ഇരുപത്തി അഞ്ച് ലക്ഷം രൂപ വരെ സ്കോളർഷിപ്പ് നൽകി വരുന്നു.<br><br>ഇന്ത്യയിലെ മികച്ച പരിശീലന സ്ഥാപനങ്ങളിൽ സിവിൽ സർവീസ് പരീക്ഷ പരിശീലനം.<br><br>ഉന്നത പഠനത്തിനു ലാപ്ടോപ്പ്.<br><br>വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന് കോളനികളിൽ സാമൂഹ്യ പഠന മുറികൾ.<br><br>ഭാഷാ പ്രശ്നം പരിഹരിക്കുന്നതിനും ആയാസരഹിതമായി അധ്യയനം |

സാധ്യമാക്കുന്നതിനുമായി മെന്റർ ടിച്ചർമാരുടെ നിയമനം.

എസ്.എസ്.എൽ.സി/ പ്ലസ്സ് ടു പരീക്ഷകളിൽ മുഴുവൻ എ പ്ലസ് ലഭിക്കുന്നവർക്കും എഞ്ചിനിയിംഗ് / മെഡിക്കൽ പ്രവേശന പരീക്ഷയിലെ റാങ്ക് ജേതാക്കൾക്കും സ്വർണ്ണ മെഡൽ.

തുല്യതാ പരീക്ഷ വിജയിക്കുന്നവർക്കും പൊതു പരീക്ഷകളിൽ വിജയികളാകുന്നവർക്കും മെറിടോറിയസ് അവാർഡ്.

75ശതമാനത്തിലധികം ഹാജരുള്ള വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്കുള്ള പ്രത്യേക ഇൻസെന്റീവ്.

പഠനത്തിൽ മികവ് പുലർത്തുന്ന കുട്ടികൾക്ക് അയ്യങ്കാളി ടാലന്റ് സ്കോളർഷിപ്പ്.

എസ്.എസ്.എൽ.സി/ +2 തോറ്റ വിദ്യാർത്ഥികൾക്കും റഗുലർ വിദ്യാർത്ഥികൾക്കും ട്യൂട്ടോറിയലുകളിൽ ചേർന്ന് പഠിക്കുന്നതിന് ധനസഹായം.

കോളേജ് വിദ്യാർത്ഥികൾക്ക് പഠന വിനോദ യാത്രകൾക്ക് ധനസഹായം

നൽകുന്നതിനോടൊപ്പം പ്രത്യേക ദുർബല ഗോത്ര വിഭാഗക്കാർക്ക് ഭാരത ദർശൻ പരിപാടി സംഘടിപ്പിക്കുന്നു.

വ്യവസായിക പരിശീലന കേന്ദ്രങ്ങളും ഉത്പാദന പരിശീലന കേന്ദ്രങ്ങളും നടത്തി വരുന്നു.

പ്രീപ്രൈമറി വിദ്യാഭ്യാസ രംഗത്ത് മോഡൽ പ്രീ സ്കൂളുകൾ നടത്തി വരുന്നു.

**2) <u>ആരോഗ്യ രംഗം</u>**

എല്ലാ സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും റീജിയണൽ ക്യാൻസർ സെന്ററുകളിലും ശ്രീ ചിത്തിര തിരുനാൾ മെഡിക്കൽ സെന്റർ മുതലായ ഉന്നത ചികിത്സാ കേന്ദ്രങ്ങളിലും ചികിത്സാ സൗകര്യം.

പട്ടികവർഗ്ഗക്കാരായ രോഗികൾക്ക് ചികിത്സാ സഹായം, ചികിത്സാ അനുബന്ധ ചെലവുകൾ, എന്നിവയ്ക്കായി ജില്ലാതലത്തിൽ 5000/- രൂപ വരെയും ഡയറക്ടർ തലത്തിൽ 25,000/- രൂപ വരെയും അതിനു മുകളിൽ സർക്കാർ തലത്തിലും ധനസഹായം

മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, ഒ.പി. ക്ലിനിക്കുകൾ, ആംബുലൻസ് സേവനങ്ങൾ.

ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും നവജാത ശിശുക്കളുടെയും പരിചരണത്തിനായി ജനനിജന്മരക്ഷ

3) **<u>അടിസ്ഥാന സൗകര്യ വികസനം</u>**

പിന്നാക്കം നിൽക്കുന്ന കോളനികളിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി.

കോളനികളുടെ വൈദ്യുതീകരണം, റോഡുകൾ, കുടിവെള്ളം, കമ്മ്യൂണിറ്റി ഹാളുകൾ

ശുദ്ധജല വിതരണ പദ്ധതികൾ.

കോളനികളിൽ ഇന്റർനെറ്റ് കണക്ടിവിറ്റി.

അടിസ്ഥാന സൗകര്യ വികസനം, ശുചിത്വം, ജീവനോപാധി എന്നിവയ്ക്കായി കോർപ്പസ് ഫണ്ട് വിനിയോഗിച്ചുള്ള വികസന പദ്ധതികൾ

SAFE പദ്ധതിയിൽ ഉൾപ്പെടുത്തി വീടുകളുടെ അറ്റകുറ്റ പണികൾക്കും പൂർത്തീകരണത്തിനും ധനസഹായം

വിവിധ പദ്ധതികളിലൂടെ ഭൂമിയും പുനരധിവാസവും ലക്ഷ്യമിടുന്നതിനായി ആദിവാസി പുനരധിവാസ വികസന മിഷൻ

ഒറ്റപ്പെട്ട് കിടക്കുന്ന പട്ടികവർഗ്ഗക്കാർക്കായി പി.കെ. കാളൻ കുടുംബ ക്ഷേമ പദ്ധതി.

4) **<u>സാമൂഹ്യ സുരക്ഷാ പദ്ധതികൾ</u>**

പ്രത്യേക ദുർബല വിഭാഗക്കാർക്കും വനത്തിൽ ജീവിക്കുന്ന പട്ടികവർഗ്ഗക്കാർക്കുമായി പ്രത്യേക പാക്കേജ്.

പഞ്ഞ (മൺസൂൺ) മാസങ്ങളിൽ ഭക്ഷ്യസുരക്ഷ ഉറപ്പ് വരുത്തുന്ന ഭക്ഷ്യസുരക്ഷാ പദ്ധതി.

മാതാപിതാക്കൾ സംരക്ഷിക്കാനില്ലാത്ത കുട്ടികൾക്ക് കൈത്താങ്ങ് പദ്ധതി.

നിർധനരായ പെൺകുട്ടികൾക്ക് വിവാഹ ധനസഹായം.

TRACE പദ്ധതി മുഖേന പട്ടികവർഗ്ഗ പ്രോമോട്ടർ, കമ്മിറ്റഡ് സോഷ്യൽ വർക്കർ, അക്രഡിറ്റഡ്

| | | | |
|---|---|---|---|
| | | | എൻജിനീയർ എന്നിവരുടെ സേവനം ലഭ്യമാക്കുന്നു.<br><br>മിശ്രവിവാഹം മൂലം കഷ്ടത അനുഭവിക്കുന്നവർക്ക് ധനസഹായം.<br><br>വകുപ്പിന്റെ കീഴിലുള്ള ഫാമുകളുടെ പുനരുദ്ധാരണം.<br><br>വിവിധ കാർഷിക വികസന പദ്ധതികൾ<br><br>തൊഴിലുറപ്പ് പദ്ധതിയിൽ നൂറ് അധിക പ്രവർത്തി ദിനങ്ങൾ നൽകുന്ന ട്രൈബൽ പ്ലസ് പദ്ധതി. |

സെക്ഷൻ ഓഫീസർ